**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3111** **04-08-2021 - ൽ മറുപടിയ്ക്ക്**

**പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റ് രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. Pinarayi Vijayan (മുഖ്യമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് കൊല്ലം, തൃശ്ശൂർ, കണ്ണൂർ ജില്ലകളെ വിഭജിച്ച് പുതിയ മൂന്ന് പോലീസ് ജില്ലകൾ രൂപീകരിച്ചിരുന്നുവെങ്കിലും നാളിതുവരെയും പ്രസ്തുത ജില്ലകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകൾ രൂപീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പോലീസിലെ വാർത്താവിനിമയ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് പ്രസ്തുത ജില്ലകളിൽ പോലീസ് ടെലികമ്മ്യൂണിക്കേഷൻ യൂണിറ്റുകൾ രൂപീകരിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല |
| (സി) | പോലീസിലെ ഏക സാങ്കേതിക വിഭാഗമായ ടെലികമ്മ്യൂണിക്കേഷനിലെ ഉദ്യോഗസ്ഥരെ ശാക്തീകരിക്കുന്നതിനായി ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങൾ നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ ശാക്തീകരണത്തിന്റെ ഭാഗമായി വാർത്താ വിനിമയ സംവിധാനം ശക്തിപെടുത്തുന്നതിന് ടെലികമ്മ്യൂണിക്കേഷൻ വിഭാഗത്തിനു വേണ്ടി സാറ്റലൈറ്റ് ഫോണുകൾ (ISAT ഫോൺ) നൽകിയിട്ടുണ്ട്. കൂടാതെ, വാർത്താ വിനിമയ സംവിധാനം ശക്തിപെടുത്തുന്നതിനായി ഡിജിറ്റൽ മൊബൈൽ റേഡിയോ (DMR) സംവിധാനം നടപ്പിലാക്കി വരുന്നു. ടെലികമ്മ്യൂണിക്കേഷൻ വിഭാഗം ശാക്തീകരിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ